⇨ *രണ്ടുകൂട്ടരും ജനങ്ങളെ നയിച്ചത് വ്യാവസായിക കമ്പോളവ്യവസ്ഥിതിയിലേക്കാണ്* ⇨


# ചന്തസംസ്കൃതിക്ക് എതിരെയുള്ള ചിന്തകൾ

ആധുനികനാഗരികതയുടെ കൊടികളുയർന്നതോടെ താറുമാറാക്കപ്പെട്ട സാമൂഹിക ജീവിതത്തെപ്പറ്റിയുള്ള ആശങ്കകൾ പങ്കുവയ്ക്കുന്ന ജോർജ്ജ് മൂലേച്ചാലിൽ രചിച്ച 'നവ കൊളോണിയലിസത്തിന്റെ നാൽകവലയിൽ' എന്ന പുസ്തകം എന്തുകൊണ്ട് പ്രസക്തമാകുന്നു എന്ന്

**സണ്ണി പൈകട**

'നവ കൊളോണിയലിസത്തിന്റെ നാൽകവലയിൽ' എന്ന ജോർജ്ജ് മൂലേച്ചാലിൽ രചിച്ച ഗ്രന്ഥത്തെപ്പറ്റിയുള്ള വിശേഷണമാണ് ഈ തലക്കെട്ട്. പല അവസരങ്ങളിലായി അദ്ദേഹം എഴുതിയ പത്തു ലേഖനങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. 'നേർവഴിക്കു ചിന്തിക്കുവാൻ ധൈര്യവും കഴിവുമുള്ള സാധാരണക്കാരൻ' എന്ന് സി. രാധാകൃഷ്ണൻ അവതാരികയിൽ സൂചിപ്പിച്ച ജോർജ്ജ് മൂലേച്ചാലിലിന്റെ നിരീക്ഷണങ്ങൾ പ്രസക്തമായ ഒട്ടേറെക്കാര്യങ്ങൾ വായനക്കാരുമായി പങ്കുവയ്ക്കുന്നുണ്ട്.

'യൂറോ-അമേരിക്കൻ വ്യവസ്ഥാപിത ഭീകരവാദം' എന്ന ആദ്യലേഖനം, അടുക്കളക്കാര്യം മുതൽ ആഗോളരാഷ്ട്രീയം വരെ ആരു നിയന്ത്രിക്കുന്നുവെന്നും അതിന്റെ സ്വഭാവമെന്തെന്നും പ്രത്യാഘാതങ്ങളെന്തെന്നും വളരെ സൂക്ഷ്മമായി മനസ്സിലാക്കി തയ്യാറാക്കിയതാണ്. പുസ്തകത്തിലെ മറ്റ് ലേഖനങ്ങൾക്കടിസ്ഥാനമായ കാഴ്ചപ്പാട് ആദ്യലേഖനത്തിൽത്തന്നെ പ്രകടമാവുന്നുണ്ട്. 'യൂറോ-അമേരിക്കൻ ഭൗതിക മതമൗലികവാദം' എന്ന ഗ്രന്ഥകർത്താവിന്റെ പ്രയോഗം വളരെ അർത്ഥവത്താണ് എന്ന് ഏതൊരു വായനക്കാരനും തോന്നുന്ന വിധത്തിൽ കാര്യങ്ങൾ വിശദീകരിക്കുന്നു. 2008-ൽ എഴുതിയ ഈ ലേഖനത്തിന് നാലു വർഷം മുമ്പെഴുതിയ 'മാർക്സിസം നിർവ്വഹിച്ച പാശ്ചാത്യദൗത്യം' എന്ന ലേഖനമാണ് രണ്ടാമതായി കൊടുത്തിട്ടുള്ളത്. എന്നാൽ വായിച്ചുവരുമ്പോൾ 2008-ലെ ലേഖനത്തിനു തുടർച്ചയാണ് 2004-ലെ ലേഖനമെന്നുതോന്നുകയും ചെയ്യും. അടിസ്ഥാനപരമായ ഒരു കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് പല കാലത്തായി ലേഖനങ്ങളെല്ലാം എഴുതിയിട്ടുള്ളത് എന്നതാണ് അതിന് കാരണം. യൂറോപ്യൻ വ്യാവസായിക നാഗരികത സംഘടിത ക്രിസ്തുമതത്തിന്റെ തേരിലേറി മറ്റു രാജ്യങ്ങളിലെ യാഥാസ്ഥിതിക-സമ്പന്ന വിഭാഗങ്ങളെ സ്വാധീനിച്ചെങ്കിൽ, പാശ്ചാത്യ ശാസ്ത്രീയതയുടെ മറപിടിച്ചാണ് കമ്മ്യൂണിസം അതേ രാജ്യങ്ങളിലെ സാധാരണക്കാരെയും പട്ടിണിപ്പാവങ്ങളെയും സ്വാധീനിക്കാൻ ശ്രമിച്ചതെന്നും, രണ്ടുകൂട്ടരും ജനങ്ങളെ നയിച്ചത് വ്യാവസായിക കമ്പോളവ്യവസ്ഥിതിയിലേക്കാണ് എന്നുമുള്ള ഗ്രന്ഥകർത്താവിന്റെ നിരീക്ഷണം യുക്തിഭദ്രമാണ്. 1852-ൽ കാറൽ മാർക്സ് ഇന്ത്യയിലെ ബ്രിട്ടീഷ് വാഴ്ചയെക്കുറിച്ച് പ്രകടിപ്പിച്ച അഭിപ്രായം രണ്ടാം ലേഖനത്തിൽ ഉദ്ധരിക്കുന്നുണ്ട്; അതിങ്ങനെയാണ്: "ഇംഗ്ലണ്ടിന് ഇന്ത്യയിൽ രണ്ടു ദൗത്യങ്ങളാണ് നിറവേറ്റാനുള്ളത്. ഒന്ന് നശീകര



ജെ.സി. കുമരപ്പ

ണത്തിന്റെയും മറ്റൊന്ന് പുനർനിർമ്മാണത്തിന്റെയും. പുരാതനമായ ഏഷ്യാറ്റിക്ക് സമുദായത്തിന്റെ നശീകരണവും, ഏഷ്യയിൽ പാശ്ചാത്യസമുദായത്തിന്റെ ഭൗതികമായ അടിത്തറയിടലുമാണവ." മാർക്സിന്റെ ഈ നിരീക്ഷണത്തെ വിമർശിച്ചിട്ടുള്ള ഇന്ത്യയിലെ പ്രമുഖരാഷ്ട്രീയധാര, ഗാന്ധിയൻ അടിത്തറയിൽ വികസിച്ച ലോഹ്യാ സോഷ്യലിസ്റ്റുകളുടേതു മാത്രമാണെന്നതും ഇവിടെ ഓർക്കേണ്ടതുണ്ട്. ബാക്കിയെല്ലാവരും, സ്വാഭാവികമായും ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളും, മാർക്സിന്റെ മേൽ സൂചിപ്പിച്ച നിരീക്ഷണത്തെ അംഗീകരിച്ചവരാണ്. മുതലാളിത്തത്തെ വിമർശിക്കുകയും എന്നാൽ കമ്മ്യൂണിസ്റ്റു വിപ്ലവം വരാൻ മുതലാളിത്തവ്യവസ്ഥിതി ആദ്യം വരട്ടെ എന്ന് പറയാതെ പറയുകയും ചെയ്യുന്ന വൈരുദ്ധ്യാത്മക തന്ത്രത്തെ ലേഖനത്തിൽ തുറന്നുകാട്ടുന്നു.

മൂന്നാമത്തെ ലേഖനം സാമൂഹികമാറ്റത്തിന് ഹിംസാത്മകമായ മാർഗ്ഗങ്ങൾ പ്രായോഗികമായും താത്വികമായും സ്വീകാര്യമല്ലെന്ന് സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്. അതിനായി കഴിഞ്ഞ കാൽനൂറ്റാണ്ടിനിടയിൽ ലോകം ശ്രദ്ധിച്ച ഹിംസാത്മക ചെറുത്തുനില്പുകളുടെ പരാജയകഥകൾ സൂചിപ്പിക്കുന്നുമുണ്ട്. തമിഴ് പുലികളുടെ പതനം മുതൽ നക്സൽ പ്രസ്ഥാനത്തിന്റെ അനുഭവങ്ങൾ വരെ ഇതിനായി വിലയിരുത്തുന്നുണ്ട്. അഹിംസാത്മക സമരങ്ങളുടെ വിജയത്തിന്റെ ഉദാഹരണങ്ങളായി ബലിയാപാൽ സമരം മുതൽ ലോകജനതയുടെ അനുഭാവം നേടിയെടുക്കുന്നതിൽ വിജയിച്ച ടിയാനെൻമെൻ സ്ക്വയറിലെ വിദ്യാർത്ഥി സമരം വരെയുള്ളവയെയും പരാമർശിക്കുന്നുണ്ട്. മാർക്സിയൻ സോഷ്യലിസ്റ്റ് ദർശനമാണ് സാമൂഹിക വിപ്ലവത്തിന് ഹിംസാത്മക മാർഗ്ഗങ്ങളാകാം എന്നു സിദ്ധാന്തിച്ചത് എന്ന കുറ്റപ്പെടുത്തലും ലേഖനത്തിലുണ്ട്. കാട്ടുനീതിയായ കായികശക്തിക്കുമേൽ ആത്മീയശക്തിയുടെ പ്രഭാവം ഉണർത്തുന്ന അഹിംസാമാർഗ്ഗത്തിലൂടെയേ സുസ്ഥിരവും നീതിപൂർവ്വകവും സമാധാനപരവുമായ നവസമൂഹരചന സാധ്യമാവൂ എന്ന് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടുവരുന്നുണ്ട്. വിശ്വാസങ്ങൾക്കുവേണ്ടി ത്യാഗമനുഷ്ഠിക്കുന്നവനാണോ, സ്വന്തം വിശ്വാസങ്ങൾ മറ്റുള്ളവരുടെ മുതുകിൽ ബലം പ്രയോഗിച്ചു കെട്ടിവയ്ക്കുന്നവനാണോ സംസ്ക്കാരസമ്പന്നൻ എന്ന ചോദ്യം ഇവിടെ നിഴലിക്കുന്നുണ്ട്. ഭരണകൂടങ്ങൾ ഹിംസയുടെ സംഘടിതരൂപങ്ങൾതന്നെയായി മാറിയതുകൊണ്ട് ജനങ്ങളുടെ ഹിംസാത്മക ചെറുത്തുനിൽപ്പുകൾക്ക് ഭരണകൂടഹിംസയെ പരാജയപ്പെടുത്താനാവുമോ എന്ന പ്രായോഗികപ്രശ്നവും ഇതിൽ അന്തർഭവിച്ചിട്ടുണ്ട്.

'ഡോ. ജെ.സി.കുമരപ്പയുടെ സാമ്പത്തിക ദർശനം' എന്ന നാലാമത്തെ ലേഖനത്തിൽ പ്രധാനമായും അദ്ദേഹത്തിന്റെ 'നിലനില്പിന്റെ സമ്പദ് വ്യവസ്ഥ' എന്ന ഗ്രന്ഥത്തെ അധികരിച്ചുള്ള വിലയിരുത്തലുകളാണ്. ആരായിരുന്നു ഡോ. ജെ.സി. കുമരപ്പ? ഇന്ന് അധികമാർക്കും അറിയാത്ത ഒരു പ്രതിഭയായിരുന്നു അദ്ദേഹം. തമിഴ്നാട്ടിലെ തഞ്ചാവൂർക്കാരനായ ജോസഫ് കൊർണേലിയോസ് കുമരപ്പയും അദ്ദേഹത്തിന്റെ സഹോദരൻ ഭരതൻ കുമരപ്പയും സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഗാന്ധിജി ആരംഭിച്ച നിർമ്മാണപ്രവർത്തനങ്ങൾ (Contsructive Programmes) വികസിപ്പിക്കുന്നതിലും, സ്വാതന്ത്ര്യത്തിനുശേഷവും അവ മുന്നോട്ടുകൊണ്ടുപോകുന്നതിലും നേതൃത്വപരമായ പങ്കുവഹിച്ച വ്യക്തികളാണ്. ഗാന്ധിദർശനങ്ങളുടെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക വിഷയങ്ങളെ ശാസ്ത്രീയാടിത്തറയിൽ വ്യാഖ്യാനിച്ചു ഡോ. ജെ.സി. കുമരപ്പ. പാരിസ്ഥിതിക വിനാശം ഉൾപ്പെടെയുള്ള നിരവധി കാരണങ്ങളാൽ, ഏറെനാൾ നിലനിൽക്കാനിടയില്ലാത്തതും ജനങ്ങൾക്കിടയിൽ സങ്കൽപ്പിക്കാനാവാത്ത വിധത്തിലുള്ള അനീതി വളർത്തുന്നതുമായ ഇന്നത്തെ കമ്പോള സാമ്പത്തിക ദർശനത്തെ വിമർശിക്കുന്ന ഏതൊരാൾക്കും ഡോ. കുമരപ്പയിലൂടെ വ്യാഖ്യാനിക്കപ്പെട്ടതും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രായോഗികമാക്കാൻ ശ്രമിച്ചതുമായ ഗാന്ധിയൻ സാമ്പത്തികദർശനങ്ങളെ പഠനവിധേയമാക്കാതിരിക്കാനാവില്ല. കേരളത്തിൽ രാസകൃഷിക്ക് ഗണ്യമായ പങ്കുവഹിച്ച എഫ്.എ.സി.റ്റി സ്ഥാപിക്കപ്പെട്ടപ്പോൾ, ഡോ.കുമരപ്പ സ്വന്തം പത്രാധിപത്യത്തിലുള്ള പ്രസിദ്ധീകരണത്തിലൂടെ അതിനെ രൂക്ഷമായി വിമർശിച്ചിരുന്നു എന്നത് രാസകൃഷിയുടെ പ്രത്യാഘാതങ്ങൾ ഏറെ ചർച്ചചെയ്യപ്പെടുന്ന ഇക്കാലത്ത് ആരും ശ്രദ്ധിച്ചിട്ടുണ്ടാവില്ല. ഡോ. കുമരപ്പ ഉയർത്തിപ്പിടിച്ച സാമ്പത്തികദർശനങ്ങൾക്ക് ഇക്കാലത്തും പ്രയോഗത്തിൽ അംഗീകാരം ലഭിക്കാത്തതിന്റെ കാരണം, മനുഷ്യരെല്ലാം പരസ്പരം വേണ്ടപ്പെട്ടവരാണെന്നും ഈ പാരസ്പര്യത്തിലാണ് നീതിയും സു

സ്ഥിരതയും ആനന്ദവും ഉണ്ടാവുക എന്നുമുള്ള കാഴ്ചപ്പാടില്ലാത്തതുമാണെന്ന ജോർജ്ജ് മൂലേച്ചാലിലിന്റെ വിലയിരുത്തൽ ശ്രദ്ധേയമാണ്.

'അഴിമതിയുടെ സ്രോതസ്' എന്ന അഞ്ചാമത്തെ ലേഖനം അഴിമതികളുടെ പെരുമഴക്കാലമായ ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഭരണീയരും ഭരണകർത്താക്കളുമെന്ന നിലയിലുള്ള വേർതിരിവ് ആഴപ്പെടുത്തുന്ന ഇന്നത്തെ അധികാരഘടനയാണ് അഴിമതികളുടെ അടിസ്ഥാനമെന്ന് ഗ്രന്ഥകർത്താവ് സൂചിപ്പിക്കുന്നു. ഇന്നു നിലനിൽക്കുന്ന അധികാരഘടനയെ കൊഴിച്ചുകളയാൻ പ്രാദേശികകൂട്ടായ്മകളിലൂടെ സാമൂഹിക ഉത്തരവാദിത്വങ്ങൾ സ്വയം ഏറ്റെടുത്തുകൊണ്ട് ജനങ്ങൾ പ്രവർത്തിക്കണമെന്ന നിലപാടാണ് ലേഖനത്തിലുള്ളത്. ആ നിലപാട് ശരിയായിരിക്കുമ്പോഴും കുറേക്കൂടി വിശദീകരണങ്ങളും വിശകലനങ്ങളും ഈ വിഷയം സംബന്ധിച്ച് ലേഖനത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ടായിരുന്നു എന്നു തോന്നുന്നു. ഇന്നത്തെ അധികാരഘടനയുടെ കേന്ദ്രീകൃതസ്വഭാവത്തെപ്പറ്റിയും അതിനടിസ്ഥാനമായ സാമ്പത്തികവും സാങ്കേതികവിദ്യാപരവും സാംസ്കാരികവുമായ സൂക്ഷ്മ അധികാരധാരകളെപ്പറ്റിയുമുള്ള വിശകലനംകൂടി ഈ ലേഖനത്തിൽ ഉൾപ്പെടുത്താമായിരുന്നു. മാത്രവുമല്ല, ജനങ്ങൾക്ക് തങ്ങളുടെ ജീവിത ഇടങ്ങളിൽ കേന്ദ്രീകരിച്ചുള്ള ജനകീയ അധികാരരൂപങ്ങളെ എങ്ങനെ വികസിപ്പിക്കാമെന്ന് വിശദീകരിക്കുകയുമാവാമായിരുന്നു.


ഭരണീയരും ഭരണകർത്താക്കളുമെന്ന നിലയിലുള്ള വേർതിരിവ് ആഴപ്പെടുത്തുന്ന ഇന്നത്തെ അധികാരഘടനയാണ് അഴിമതികളുടെ അടിസ്ഥാനമെന്ന് ഗ്രന്ഥകർത്താവ് സൂചിപ്പിക്കുന്നു. ഇന്നു നിലനിൽക്കുന്ന അധികാരഘടനയെ കൊഴിച്ചുകളയാൻ പ്രാദേശികകൂട്ടായ്മകളിലൂടെ സാമൂഹിക ഉത്തരവാദിത്വങ്ങൾ സ്വയം ഏറ്റെടുത്തുകൊണ്ട് ജനങ്ങൾ പ്രവർത്തിക്കണമെന്ന നിലപാടാണ് ലേഖനത്തിലുള്ളത്.

'മറുനാടൻ മലയാളി തിരിച്ചെത്തുമ്പോൾ' എന്ന ആറാമത്തെ ലേഖനം പ്രവാസിജീവിതം നയിക്കുന്നവർ അയച്ചുതരുന്ന പണത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സമ്പദ്വ്യവസ്ഥ നിലനിൽക്കുന്ന കേരളത്തിൽ ഏറെ ഗൗരവമാർന്നതാണ്. പ്രവാസികളുടെ വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ അവസ്ഥകളെക്കുറിച്ച് സാമാന്യം വിശദമായി വിലയിരുത്തുന്ന ഈ ലേഖനം, സ്വന്തം നാട്ടിൽ തൊഴിലെടുത്ത് ഉപജീവനമാർഗ്ഗം കണ്ടെത്താൻ മലയാളികൾക്ക് എന്തുകൊണ്ടാവുന്നില്ല എന്ന ചോദ്യമായി വികസിപ്പിക്കേണ്ടതാണ്. പ്രവാസിമലയാളികളുടെ എണ്ണത്തോട് അടുത്തു വരുന്ന അന്യസംസ്ഥാനത്തൊഴിലാളികൾ ഈ നാട്ടിൽ തൊഴിലെടുത്ത് ജീവിക്കുമ്പോൾ ഈ ചോദ്യം ഒഴിവാക്കപ്പെടാനുമാവില്ല. ആധുനികനാഗരികരികതയും കമ്പോളവ്യവസ്ഥിതിയും പ്രസരിപ്പിക്കുന്ന സ്വപ്നങ്ങളുടെ ഭാരവുംപേറി പുറംനാടുകളിലലയുകയും ആ സ്വപ്നം സ്വന്തം നാട്ടിൽ ആർഭാടങ്ങൾകൊണ്ട് വിതറുകയും ചെയ്യുന്നവരാണ് പ്രവാസി മലയാളികളിൽ ഒരു വിഭാഗം എന്നതും കണ്ടില്ലെന്നു നടിക്കാനാവില്ല. ഈ ഗ്രന്ഥത്തിലെ ആദ്യലേഖനങ്ങളിൽ സൂചിപ്പിക്കുന്ന വിഷയങ്ങളുമായി സംസ്കാരികമായും സാമ്പത്തികമായും ബന്ധപ്പെട്ട പ്രതിഭാസമാണ് കേരളത്തിൽനിന്നുള്ള ഈ പുറംപോക്കും കേരളത്തിലേക്കുള്ള അന്യസംസ്ഥാനത്തൊഴിലാളികളുടെ തള്ളിക്കയറ്റവും, ഇവയെല്ലാമുയർത്തുന്ന സമസ്യകളും.

'ഗ്രാമസ്വരാജും അയൽക്കൂട്ട പരീക്ഷണവും' എന്ന ഏഴാമത്തെ ലേഖനത്തിൽ ഗാന്ധിജിയുടെ ഹിന്ദ്സ്വരാജ് എന്ന ഗ്രന്ഥത്തെ ഡി. പങ്കജാക്ഷക്കുറുപ്പിന്റെ അയൽക്കൂട്ട സമൂഹദർശനവുമായി ബന്ധപ്പെടുത്തി വിലയിരുത്തുകയും വ്യാഖ്യാനിക്കുകയുമാണ്. പരസ്പരം വേണ്ടപ്പെട്ടവരാണെന്ന ചിന്തയോടെ അയൽക്കാർ ഒത്തുചേർന്ന് തറക്കൂട്ടങ്ങളും അയൽക്കൂട്ടങ്ങളും ഗ്രാമക്കൂട്ടങ്ങളുമുണ്ടാക്കി ജീവിക്കുമ്പോൾ ഗ്രാമസ്വരാജ് യാഥാർത്ഥ്യമാവുമെന്നാണ് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നത്. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് യാഥാർത്ഥ്യമാവുമെങ്കിൽ അതിനുള്ള ഏക വഴിയിതാണെണ് ഗ്രന്ഥകാരൻ പറയുന്നു. എങ്കിലും അയല്ക്കൂട്ടസമൂഹദർശനത്തിന്റെ ലളിതയുക്തികൾകൊണ്ട് ആധുനികനാഗരികതയ്ക്കു പ്രതിരോധം തീർത്ത് ഗ്രാമസ്വരാജിലേക്കു ചുവടുകൾവയ്ക്കാനാവുമോ എന്ന സന്ദേഹം ബാക്കിയാവുന്നു.

'ഉദയംപേരൂർ സുനഹദോസ് വിതച്ച വർഗ്ഗീയവിത്തുകൾ' എന്ന എട്ടാമത്തെ ലേഖനം ഈ ഗ്രന്ഥത്തിലെ ഇതര ലേഖനങ്ങളിൽനിന്നു വേറിട്ടുനില്ക്കുന്നതായി തോന്നാം. കാര

➪ ഈ അഭിപ്രായരൂപീകരണമെന്നത് ഓരോ മനുഷ്യനെ സംബന്ധിച്ചും ഒരു ആന്തരികപ്രക്രിയയാകേണ്ടതാണ് ➪




ണം, അത് കേരളത്തിലെ ക്രൈസ്തവസഭയ്ക്കുള്ളിലുണ്ടായ വികാസപരിണാമങ്ങളുമായി ബന്ധപ്പെട്ട ഒരു ചരിത്രസംഭവമാണല്ലോ. ഗ്രന്ഥത്തിലെ ഇതരലേഖനങ്ങളാകട്ടെ, മതപരമോ ഭൂമിശാസ്ത്രപരമോ ആയ വേർതിരിവുകളില്ലാതെ മനുഷ്യജീവിതത്തിന്റെ വിവിധതലങ്ങളെക്കുറിച്ച് വിശകലനം ചെയ്യുന്നവയും. എന്നാൽ ഈ ലേഖനത്തിൽ പറയുന്ന കാര്യങ്ങൾക്ക് ഒരു മതത്തിന്റെ പരിധിയിൽ ഒതുങ്ങാത്ത പൊതുവായ  സാമൂഹികപ്രസക്തിയുണ്ട്. ഉദാഹരണത്തിന്, മതവും സമുദായവും ഒന്നാണെന്ന ചിന്തയാൽ  സംഭവിക്കുന്ന വിനയാണ് മതവർഗ്ഗീയത എന്ന നിരീക്ഷണം ശ്രദ്ധിക്കേണ്ടതാണ്. മതം എന്നാൽ അഭിപ്രായം-അഭിമത-മാത്രമാണ്; സ്വന്തം അസ്തിത്വത്തെക്കുറിച്ചും ചുറ്റുമുള്ളവയുമായുള്ള  ബന്ധത്തെക്കുറിച്ചുമൊക്കെയുള്ള അഭിപ്രായങ്ങൾ. ഈ അഭിപ്രായരൂപീകരണമെന്നത് ഓരോ മനുഷ്യനെ സംബന്ധിച്ചും ഒരു ആന്തരികപ്രക്രിയയാകേണ്ടതാണ്. ഈ ആന്തരികപ്രക്രിയയുടെ ഫലമായുള്ള മതബോധം മനുഷ്യനിൽ ഐക്യവും സമഭാവനയും സൃഷ്ടിക്കുന്നു. എന്നാൽ സമുദായമെന്നത് മനുഷ്യബന്ധങ്ങളുടെ ബാഹ്യരൂപമായി, മതഘടന, പ്രദേശം, ഭാഷ, ആചാരങ്ങൾ, ഗോത്രം എന്നിങ്ങനെ പല മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉടലെടുക്കുന്നതാണ്. മതവും സമുദായവും സംബന്ധിച്ചുള്ള ഈയൊരു നിരീക്ഷണത്തിന്റെ തുടർച്ചയെന്ന നിലയിൽ ഉദയംപേരൂർ സുന്നഹദോസിന്റെ ചരിത്രപ്രാധാന്യം വിശകലനം ചെയ്യുകയാണ് ലേഖനത്തിൽ. താരതമ്യേന ഭേദപ്പെട്ട നിലയിലുള്ള കൂട്ടായ്മാബോധത്തിലും ജനാധിപത്യമൂല്യങ്ങളിലും കഴിഞ്ഞുപോന്ന  കേരള നസ്രാണികളെ ഇടുങ്ങിയ സാമുദായിക സമ്പ്രദാത്തിലുള്ള ഒരു സഭയാക്കി മാറ്റുന്നതിന് പോർത്തുഗീസുകാർ കരുക്കൾ നീക്കിയിരുന്നതിനെപ്പറ്റി ലേഖനത്തിൽ സൂചിപ്പിക്കുന്നു. എല്ലാ സാമൂഹിക-സാംസ്കാരിക കാര്യങ്ങളിലും പാശ്ചാത്യക്രൈസ്തവരുടെ രീതികളോട് ആഭിമുഖ്യമുള്ളവരായി കേരള നസ്രാണികളെ മാറ്റുന്നതിനുള്ള നീക്കങ്ങളായിരുന്നു അത്. ഈ വിധത്തിൽ ഉദയംപേരൂർ സുന്നഹദോസ് പാശ്ചാത്യനാഗരികതയുടെ കേരളത്തിലേക്കുള്ള കടന്നുകയറ്റങ്ങൾക്ക് ചവിട്ടുപടിയായി എന്ന വിശകലനമാണ് ഗ്രന്ഥത്തിലെ ഇതരലേഖനങ്ങളുമായി ഈ ലേഖനത്തെ വിളക്കിച്ചേർക്കുന്ന ഘടകം.

'സാഹിത്യത്തിന്റെ മാനുഷികധർമ്മം' എന്ന ഒൻപതാമത്തെ ലേഖനം മനുഷ്യജീവിതം എല്ലാ അർത്ഥത്തിലും സമ്പുഷ്ടമാക്കാൻ ലക്ഷ്യംവച്ചുള്ളതാവണം സാഹിത്യമെന്ന നിലപാടിൽ ഊന്നിയുള്ളതാണ്. ഉത്തമസാഹിത്യം, അധമസാഹിത്യം എന്നിങ്ങനെ സാഹിത്യത്തെ വേർതിരിക്കുന്നുമുണ്ട് ലേഖനത്തിൽ. ഈ വേർതിരിവിനുള്ള മാനദണ്ഡങ്ങളും വിവരിക്കുന്നുണ്ട്. ആധുനികനാഗരികതയുടെ മൂല്യങ്ങൾ വാരിവിതറുന്ന സാഹിത്യരചനകൾക്കുനേരെ വിരൽചൂണ്ടുന്ന ഈ ലേഖനം കേവലമൊരു സാമ്പത്തികജീവി എന്നതിനപ്പുറം ഒരു സമഗ്രമനുഷ്യനെ വിഭാവനചെയ്യുന്ന സാഹിത്യമാണുണ്ടാവേണ്ടതെന്ന് സമർത്ഥിക്കുന്നു.

'മതം ജീവിതമാകാത്തതെന്തുകൊണ്ട്?' എന്ന പത്താമത്തെ ലേഖനം തലക്കെട്ടുപോ

➪ കെട്ടിവയ്ക്കപ്പെടുന്നവയ്ക്ക് ബോധതലത്തിൽ ആഴപ്പെടുവാൻ കഴിയില്ല എന്നതു നേരാണ് ➪




**നവകൊളോണിയലിസത്തിന്റെ നാല്ക്കവലയിൽ**
ജോർജ് മൂലേച്ചാലിൽ
നവോത്ഥാനം ബുക്സ്
കോട്ടയം
വില: 100 രൂപ

ലെതന്നെ ഒരു വലിയ ചോദ്യമാണ് ഉയർത്തുന്നത്. മഹാഭൂരിപക്ഷവും ഏതെങ്കിലും മതത്തിൽ വിശ്വസിക്കുന്നവരായിരിക്കുമ്പോൾത്തന്നെ, മതരാഹിത്യത്തിൽമാത്രം മുളപൊട്ടിവളരുന്ന ഒരു മതസരാധിഷ്ഠിത ലോകം എങ്ങനെ ഉടലെടുത്തു എന്ന മൂർച്ചയേറിയ ഉപചോദ്യം ലേഖനത്തിലുണ്ട്. സ്വന്തം അന്വേഷണങ്ങളിലൂടെയും പഠനങ്ങളിലൂടെയും മനനങ്ങളിലൂടെയും ഒരു സ്വതന്ത്രമനുഷ്യനിൽ മതം ജനിക്കുകയാണ് വേണ്ടത്. എന്നാൽ, ഇന്ന് മതത്തിൽ മനുഷ്യൻ ജനിക്കുകയാണ്! അതുകൊണ്ടാണ് മതവിശ്വാസപ്രമാണങ്ങൾ മനുഷ്യനിൽ കെട്ടിവയ്ക്കപ്പെടുന്നത് എന്ന ലേഖനത്തിലെ നിരീക്ഷണം അർത്ഥവത്താണ്. കെട്ടിവയ്ക്കപ്പെടുന്നവയ്ക്ക് ബോധതലത്തിൽ ആഴപ്പെടുവാൻ കഴിയില്ല എന്നതു നേരാണ്. ഇതിനു പുറമെ, ആചാരാനുഷ്ഠാനങ്ങൾ കൃത്യമായി പാലിക്കുന്നതാണ് യഥാർത്ഥ ദൈവാരാധന എന്ന വ്യാജ ആദ്ധ്യാത്മികബോധം, സഹജീവികളിലേക്ക് തിരിയാത്ത ആദ്ധ്യാത്മികയായി മുരടിക്കുന്നു. അവനവനിലേക്ക് ചുരുങ്ങുന്ന ആദ്ധ്യാത്മികതയ്ക്ക് അടിസ്ഥാനമാകുന്ന പുരോഹിതകേന്ദ്രീകൃത അനുഷ്ഠാനങ്ങൾ മതം ജീവിതമാകാത്തതിന്റെ മറ്റൊരു കാരണമാണെന്ന വാദം സ്വതന്ത്രമായി ചിന്തിക്കുന്ന ആർക്കും നിഷേധിക്കാനാവില്ല. മനുഷ്യഹൃദയങ്ങളിൽ സ്നേഹത്തിന്റെ നിയമം ആഴത്തിൽ ആലേഖനം ചെയ്യേണ്ട മതങ്ങൾ അക്കാര്യത്തിൽ പരാജയപ്പെടുന്നതുനിമിത്തം ബാഹ്യമായ മതനിയമങ്ങൾ ഉണ്ടാക്കി മനുഷ്യനെ പരിധിയിൽ നിർത്താൻ ശ്രമിക്കുന്നു. ഉള്ളിൽനിന്നുള്ള സ്വാധീനത്താൽ നിയന്ത്രിക്കപ്പെടേണ്ട മനുഷ്യനെ ബാഹ്യമായി നിയന്ത്രിച്ചുനിർത്താൻ മതനേതൃത്വങ്ങൾ ശ്രമിക്കുന്നതിന്റെ ഈ വൈരുദ്ധ്യവും ലേഖനം വ്യക്തമാക്കുന്നുണ്ട്. ജനിക്കുമ്പോൾമുതൽ ഒരേ വിശ്വാസപ്രമാണങ്ങളിൽ ജീവിക്കുകയും ഒരേ അനുഷാഠാനങ്ങൾ ആചരിക്കുകയും ഒരേ മതനിയമങ്ങൾ പാലിക്കുകയും ചെയ്യുന്നവർ ആ നിലയിൽത്തന്നെ ഒരു വ്യതിരിക്തസമൂഹമായിക്കഴിഞ്ഞു എന്നും, അല്പം ദൈവികപരിവേഷവും സാമുദായികവികാരവുംകൂടി നല്കിയാൽ അത്തരം സമൂഹത്തെ മതനേതൃത്വങ്ങളുടെ അടിമസമൂഹമാക്കാമെന്നുമുള്ള ലേഖനത്തിലെ നിരീക്ഷണം ഇന്നത്തെ യാഥാർത്ഥ്യംതന്നെയാണ്.

മതപൗരോഹിത്യങ്ങൾ എല്ലാ മതങ്ങളുടെയും ഉപജ്ഞാതാക്കളുടെ ദർശനങ്ങളെ ഇങ്ങനെ തങ്ങളുടെ ചതുരുപായങ്ങളായ അടിസ്ഥാനവിശ്വാസപ്രമാണങ്ങൾ, അനുഷ്ഠാനങ്ങൾ, മതനിയമങ്ങൾ, സമുദായവൽക്കരണം എന്നിവകൊണ്ട് മറികടക്കുന്നു എന്ന നിഗമനമാണ് ലേഖനത്തിലുള്ളത്. പൗരോഹിത്യത്തിന്റെ ഈ നിഷേധാത്മകത തിരിച്ചറിയുന്നവർ മതങ്ങളുടെ കാമ്പായ ദർശനങ്ങളിലേയ്ക്ക് എത്തിനോക്കി നിലവിലുള്ള മതവ്യവസ്ഥിതികളെ വിലയിരുത്തി നവീകരണയത്നങ്ങൾക്കു മുന്നോട്ടുവരുമ്പോൾ, മതം മനുഷ്യജീവിത്തെ ഉള്ളിൽനിന്ന് ഗുണപരമായി സ്വാധിനിക്കുന്ന അഭിമതമായി മാറുമെന്ന പ്രതീക്ഷയാണ് ലേഖനം മുന്നോട്ടുവയ്ക്കുന്നത്. അങ്ങനെ വരുമ്പോൾ കൊളോണിയലിസം രാഷ്ട്രീയ ഉള്ളടക്കമായിരിക്കുന്ന നവനാഗരികതയിൽനിന്നുള്ള മോചനത്തിനും കളമൊരുങ്ങുമെന്ന സ്വപ്നവും ലേഖനത്തിലുണ്ട്.

'നവകൊളോണിയലിസത്തിന്റെ നാല്ക്കവലയിൽ' എന്ന ഗ്രന്ഥത്തിലെ പത്തു ലേഖനങ്ങളെയും കോർത്തിണക്കുന്ന ചരട് ആധുനികനാഗരികതയോടുള്ള കടുത്ത വിമർശനമാണ്. സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ, ആദ്ധ്യാത്മികരംഗങ്ങളിലെല്ലാം ആധുനികനാഗരികതയുടെ കൊടികളുയർന്നപ്പോൾ താറുമാറാക്കപ്പെട്ട സാമൂഹിക ജീവിതപ്പറ്റിയുള്ള ആശങ്കകൾ നിറഞ്ഞ ഈ ഗ്രന്ഥം നീതിപൂർവ്വമായ ഒരു ജീവിതവ്യവസ്ഥയെപ്പറ്റി സ്വപ്നങ്ങളുള്ള എല്ലാവരും വായിക്കേണ്ടതാണ്. ഗ്രന്ഥത്തിലെ നിഗമനങ്ങളും വിശകലനങ്ങളും പുതിയവയല്ലായിരിക്കാം. പക്ഷേ, അവ ഒരു സാധാരണ മനുഷ്യന്റെ ബൗദ്ധിക സത്യസന്ധതയിൽ നിന്നുകൊണ്ട് നോക്കിക്കാണുന്നതിന്റെ കരുത്ത് വായനക്കാർക്ക് അനുഭവപ്പെടും. ■

കേരള ജൈവകർഷക സമിതി
**24-ാം സംസ്ഥാന സമ്മേളനം**
**ഏപ്രിൽ 16, 17**
**ജി.എച്ച്.എച്ച്.എസ്, വെള്ളൂർ**
**ദേശീയ സെമിനാർ,**
**കൃഷി അനുഭവം പങ്കുവയ്ക്കൽ, പ്രഭാഷണം,**
**ജൈവകാർഷിക പ്രദർശനം**
**ബന്ധങ്ങൾക്ക്: 9496149173**